# കാലത്തെ അതിജീവിച്ച കവി

## വള്ളിക്കാവ് വിജയൻ

മഹാനായ ഇടശ്ശേരി മൺമറഞ്ഞിട്ട് പതിനേഴു വർഷം പിന്നിടുന്നു. കാലം ചെല്ലുന്തോറും ഒരു കലാപ്രതിഭ ഏറെ അറിയപ്പെടുകയും ഏറെയേറെ ആദരിക്കപ്പെടുകയും ചെയ്യുമ്പോൾ ആ സർഗവൈഭവത്തിന് മുൻപിൽ സഹൃദയലോകം അരനിമിഷം അഞ്ജലീബന്ധമാവാതെ തരമില്ല.

1974 ഒക്ടോബർ 16-ാം തീയതി രാവിലെ ചായ കഴിച്ചുകൊണ്ടിരിക്കെ യാതൊരു മുന്നറിയിപ്പും കൂടാതെ മരണം കാൽപ്പായ കടലാസ് നിവർത്തിക്കാട്ടി കല്പനയുണ്ടെന്നറിയിച്ചു. കരണവും കവിതയും ഒരുപോലെ കൊണ്ടുനടന്നിരുന്ന ആ മഹിതാശയൻ ഭാവിതലമുറകളുടെ ഈടുവെയ്പിലേക്ക് ജീവിതമാകുന്ന തന്റെ കവിതകൾ സമർപ്പിച്ചുകൊണ്ട് അക്ഷോഭ്യനായി കാലയവനികക്കുള്ളിലേക്ക് നടന്നു മറഞ്ഞു.

പ്രാഥമിക വിദ്യാഭ്യാസം മാത്രം കൈമുതലാക്കി നടന്ന ചെറുപ്പത്തിൽതന്നെ ജീവസന്ധാരണത്തിന്നായി ആധാരമെഴുത്തിലേർപ്പെടേണ്ടി വന്ന ഇടശ്ശേരി ഗോവിന്ദൻനായർക്ക് ഉപരിപഠനം ഒരു മിഥ്യയായിരുന്നു. എന്നാൽ കുട്ടിക്കാലം മുതൽ തന്റെയുള്ളിൽ കുടിപാർപ്പിച്ചിരുന്ന കവിതാകാമിനിയെ അദ്ദേഹം കൈയൊഴിഞ്ഞില്ല. ജീവിതാന്ത്യംവരെ ഈ രണ്ട് ചര്യകളും യഥാർഹം തുടരുകയും ചെയ്തു. ഒപ്പം സ്വപ്രയത്നത്താൽ സംസ്കൃതത്തിലും ഇംഗ്ലീഷിലും സാമാന്യമായ വില്യുപത്തി നേടുകയുണ്ടായി. തന്റെ കവിതാസപര്യയ്ക്ക് ഇവ ഒഴിച്ചുകൂടാനാവാത്തതാണെന്ന് ആ ധിഷണാശാലിക്കറിയാമായിരുന്നു. കുട്ടികൃഷ്ണമാരാരും നാലപ്പാട് നാരായണമേനോനും ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിക്കുകയുണ്ടായി. തന്നെയുമല്ല ഈ ഭാഷകളിൽനിന്ന് മലയാളത്തിലേക്കുള്ള വിവർത്തനങ്ങൾപോലും അദ്ദേഹം നിർവഹിച്ചിട്ടുണ്ട്.

ഇടശ്ശേരിയുടെ ആദ്യകാല രചനകളിൽ വള്ളത്തോളിന്റെ സ്വാധീനം തെളിഞ്ഞുകാണാം. കാവ്യാനുശീലത്തിന്റെ ആദ്യഘട്ടം എന്ന് ഇതിനെ വിശേഷിപ്പിക്കാം. എന്നാൽ, ചൊല്ലിപ്പോകരുതാരുമിത് മററൊന്നിന്റെ പകർപ്പെന്ന്, ഉള്ളനെഞ്ചുറപ്പ് വന്നതോടുകൂടി ഇടശ്ശേരിക്കവിതകൾ ജനിക്കുകയായി. വിഷയസ്വീകരണത്തിലും അവതരണത്തിലും തനതായ വ്യക്തിത്വം പുലർത്തുന്ന ഇടശ്ശേരിക്കവിതകൾ പൗരുഷത്തിന്റെയും ശക്തിയുടെയും മുഖമുദ്രകളായി മാറുന്നു. തെക്കെ മലബാറിന്റെ ഉൾത്തുടുപ്പുകളിൽനിന്ന് ഊർജം സംഭരിച്ച് പ്രപഞ്ചസീമകളോളം പടർന്നുപന്തലിച്ച ഈ മലയാളത്തനിമയുടെ മാററ് കാലം കണ്ടെത്തുകതന്നെ ചെയ്യും.

അരനൂററാണ്ട് കാലത്തോളം കവികർമം അനുഷ്ഠിച്ച ഇടശ്ശേരിക്ക് കേരളത്തിൽ ഒരു കവിക്ക് ലഭിക്കാവുന്ന പല പുരസ്കാരങ്ങളും കിട്ടിയെങ്കിലും അരങ്ങ് തകർക്കുന്ന ബഹളങ്ങൾക്കൊന്നും ഇടനൽകിയില്ല. ബഹുജനങ്ങളുടെ താൽകാലിക പ്രീതിക്കും പാത്രമായില്ല. എന്നാൽ കവിതാസാഹിത്യത്തെ ഗൗരവബുദ്ധിയോടെ നോക്കിക്കാണുന്ന വിവേചനശീലർ എന്നും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഇന്ന് അതിന്റെ ആക്കം കൂടിക്കൂടി വരുന്നുമുണ്ട്.

ഇടശ്ശേരിയുടെ കാലഘട്ടത്തിൽ കേരളത്തിൽ ഒരു കവി പരമ്പരതന്നെയുണ്ടായിട്ടുണ്ട്. അതിന്റെ കണ്ണികൾ ഇന്നും തുടരുന്നുമുണ്ട്. ബാലാമണിയമ്മയും അപ്പനും അക്കിത്തവും ഒളപ്പമണ്ണയും ഒ.എൻ.വിയും ഭാസ്കരനും അയ്യപ്പപ്പണിക്കരും സുഗതകുമാരിയും ഒക്കെത്തന്നെ ആ കണ്ണിയിൽപ്പെടുന്നവർതന്നെ. ഇവരെല്ലാം തന്നെ താന്താങ്ങളുടെ രചനാപാടവംകൊണ്ട് പ്രശസ്തരാണ്. എന്നാൽ കവിത്രയത്തിൽ തുടങ്ങുന്ന ഈ കവിപരമ്പരയിൽ എത്ര പേർക്ക് കാലത്തെ അതിജീവിക്കാൻ കഴിയും എന്നാലോചിക്കുമ്പോഴാണ് ഇടശ്ശേരിയുടെ ശക്തിയും കവിത്വവും സത്ഗുണങ്ങളും വെളിവാകുന്നത്.

ഇടശ്ശേരി ആൾക്കൂട്ട സാഹിത്യകാരനല്ലായിരുന്നുവെങ്കിലും താൻ ജീവിച്ചുപോന്ന പൊന്നാനിനാടിന്റെ എല്ലാ പൊതുപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. തന്നെയുമല്ല ജയിൽവാസം അനുഭവിച്ചിട്ടില്ലെങ്കിലും ബ്രിട്ടീഷുകാരുടെ നോട്ടപ്പുള്ളിയായിരുന്ന ഒരു സ്വാതന്ത്ര്യസമരസേനാനികൂടിയായിരുന്നു അദ്ദേഹം എന്നറിയുമ്പോഴേ ആ കർമനിരതന്റെ വ്യക്തിമഹത്വം നമുക്ക് വ്യക്തമാകുകയുള്ളു. മാത്രമോ ഇല്ലായ്മയിലും ദാനശീലം പുലർത്തിപ്പോന്ന ആ ഋഷിതുല്യൻ അന്യരുടെ തെററുകളെ പൊറുത്താലും തന്റെ തെററുകൾ പൊറുത്തിരുന്നില്ല.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിലുരുത്തിരിഞ്ഞുവന്ന രാഷ്ട്രീയാന്തരീക്ഷം ഇടശ്ശേരിയെ നിരാശപ്പെടുത്തി. ഒരു രാഷ്ട്രീയകക്ഷിയോടും അദ്ദേഹത്തിന് സമരസപ്പെടാനായില്ല. മാനുഷികമൂല്യങ്ങളോടായിരുന്നു അദ്ദേഹത്തിന്റെ പ്രതിബദ്ധത. വിശപ്പായിരുന്നു അദ്ദേഹത്തെ വേദനി

പ്പിച്ചിരുന്ന വികാരം. പട്ടിണിക്ക് പരിഹാരം കാണാത്ത, പട്ടിണിക്കാരന്റെ വികാരങ്ങളെ മാനിക്കാത്ത തത്ത്വശാസ്ത്രകാപട്യങ്ങളെ അദ്ദേഹം വെറുത്തിരുന്നു. ഈശ്വഭക്തനും തികഞ്ഞ ഗാന്ധിയനും ആയിരുന്ന ഇടശ്ശേരി സന്ദർഭോചിതം ഇവയെ തള്ളിപ്പറയാനും മടിച്ചിരുന്നില്ല.

"വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം!"

"പൊട്ടി പുറത്ത് ശീവോതിയകത്ത്' എന്ന ഈ മലയാളത്തനിമയുടെ ദർശനം പോയകാലത്ത് താൻ പ്രതീക്ഷ അർപ്പിച്ചിരുന്ന താനുൾപ്പെട്ടിരുന്ന ഒരു പ്രസ്ഥാനത്തിനുണ്ടായ അപചയങ്ങൾക്ക് നേർക്കുള്ള ശക്തമായ ഒരു താക്കീതായിത്തീരുന്നു. മറിച്ച് യഥാർഥ ഗാന്ധിമാർഗത്തോടുള്ള വിരക്തിയല്ലെന്നും പറയേണ്ടിയിരിക്കുന്നു.

മാർക്സിസം പഠിച്ചിട്ടില്ലാത്ത ഇടശ്ശേരി വിപ്ലവകവിപ്പട്ടം സ്വീകരിച്ചിട്ടില്ലെങ്കിലും തങ്ങൾ വിപ്ലവത്തിന്റെ വക്താക്കളാണെന്ന് നടിക്കുന്നവരേക്കാൾ വിപ്ലവകാരിയായിരുന്നു. ഇവരുടെ ഉപരിപ്ലവചിന്തകളിൽ നിന്നൊക്കെ വിഭിന്നവുമായിരുന്നു ഇടശ്ശേരിയുടെ ദർശനസമീപനങ്ങൾ. കാലത്തിനൊത്ത് ചുവടുമാറാനോ ഉപരിപ്ലവമായി ഗർജ്ജിക്കാനോ ഒരിക്കലും അദ്ദേഹം ശ്രമിച്ചിരുന്നില്ല. അതുകൊണ്ടാണല്ലോ ഗാന്ധിതൊപ്പിക്കാർക്ക് ഇടശ്ശേരി ചോപ്പനും, ചോപ്പന് മൂരാച്ചിയുമായി ഭവിച്ചത്. പക്ഷേ, "മറന്നുകൂടാ കവിയുടെ സ്വൈരജീവിതത്തിന് ഇതിലേറെ ഉപകരിച്ചിട്ടുള്ള മറ്റൊന്നില്ല" എന്ന് അദ്ദേഹം തന്നെ പറയുകയുണ്ടായി.

"ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ
പതിതരേ നിങ്ങൾതൻ പിൻമുറക്കാർ"
എന്ന റൊമാന്റിക് സ്വപ്നത്തെ ഉടച്ചുവാർത്ത്
"അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ!"

എന്നു തറപ്പിച്ചു പറഞ്ഞ ചങ്കുറപ്പിന് മുൻപിൽ ഇരുകൂട്ടരും പകച്ചുനിന്നപ്പോൾ കവി ചെറുതായൊന്നു പുഞ്ചിരിച്ചിരിക്കണം.

വിപ്ലവം ശ്രീരാമചന്ദ്രസ്വാമിയിൽ സായൂജ്യം കണ്ടെത്തുന്ന ഇക്കാലത്തും ഇടശ്ശേരിയുടെ സൂക്തങ്ങൾ വേറിട്ടുനിൽക്കുന്നു. ദാരിദ്ര്യത്തിന്റെ ക്രൂരതയും വിശപ്പിന്റെ വേദനയും അദ്ദേഹത്തിന് കേട്ടുകേൾവിയോ കണ്ടറിവോ ആയിരുന്നില്ല. ഈ ക്രൂരതയും വേദനയും അദ്ദേഹം നേരിട്ടനുഭവിച്ചറിഞ്ഞതാണ്. അത്തരമൊരാത്മാവിൽ നിന്നുയർന്ന അടങ്ങാത്ത രോഷമാണ് ഇവയൊക്കെ കുഴിവെട്ടിമൂടാനും ശക്തിയിലേക്ക് കുതിച്ചുയരാനുമുള്ള ആഹ്വാനമായിത്തീർന്നത്. ആ പഴയ കാട്ടാളന്റെ ആത്മരോഷം തന്നെ ഇതും. ഈ ശക്തിവൈഭവം ഇന്നോളം മലയാളത്തിൽ മറ്റൊരുകവിക്കും അവകാശപ്പെട്ടതായി തോന്നുന്നില്ല.

പൊതുവേ ശക്തിയുടെ കവിയായിട്ടാണ് ഇടശ്ശേരി അറിയപ്പെടുന്നത്. എന്നാൽ, അത്തരത്തിലൊരു പട്ടം നൽകി ഒതുക്കാവുന്നതാണോ അദ്ദേഹത്തിന്റെ സർഗവൈഭവം? പണിമുടക്കവും പുത്തൻ കലവും അരിവാളും കാവിലെപാട്ടുമൊക്കെ ഈ ആശയഗതിയെ അരക്കിട്ടുറപ്പിക്കുമെങ്കിലും ഇവയിലൊക്കെ തെളിഞ്ഞുകാണുന്ന മാതൃഭാവം മലയാളത്തനിമയോടെ പൂതപ്പാട്ടിൽ പൂത്തുലയുന്നത് കാണാതിരിക്കാൻ കഴിയുമോ? പൂതപ്പാട്ടും കാവിലെപ്പാട്ടും പണിമുടക്കവും പോലുള്ള കവിതാഖ്യാനങ്ങൾ ആധുനികലോകകാവ്യസാഹിത്യത്തിൽപ്പോലും അപൂർവമായിരിക്കുമെന്ന് പറയേണ്ടിയിരിക്കുന്നു.

സ്ത്രീത്വത്തോടുള്ള ഈ മമതാഭാവം കിട്ടിയവിൽക്കാശപ്പാടെയും മുണ്ടിന്റെ കോന്തലയ്ക്കലുടക്കിക്കൊടുക്കുന്ന സ്വമാതാവിൽ രൂഢമൂലമായി. പൊട്ടിപ്പിശാചുക്കളുടെയും പൂതങ്ങളുടെയും കഥ പറഞ്ഞു കൊടുക്കാറുള്ള ചെറിയേടത്തിയിലൂടെ വളർന്ന് താൻ കുത്തിക്കുറിച്ചിട്ടിരുന്ന കവിതകൾ മറ്റൊരു നോട്ടുബുക്കിൽ വൃത്തിയായി പകർത്തിവെയ്ക്കുന്ന സഹധർമിണിയിലൂടെ വികസിച്ച തന്റെ കവിതകൾ താരാട്ടുപാട്ടാക്കുന്ന മകളിലൂടെ പരിപൂർണത തേടുന്നു. ഇത്തരത്തിലുള്ള ഈ വിശാലവീക്ഷണം തത്വശാസ്ത്രങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ ഉണരുന്ന ധീരതയത്രേ! നെല്ലുകുത്തുകാരിപ്പാറുവായാലും വിവാഹസമ്മാനത്തിലെ കാമുകിയായാലും ഇല്ലായ്മയിലും കുടുംബത്തിന്റെ അഭിമാനം സംരക്ഷിക്കാൻ തനിക്ക് കൈവരുമായിരുന്ന മംഗല്യഭാഗ്യത്തിന് നേരെ കതകടയ്ക്കുന്ന കല്യാണപ്പുടവയിലെ മകളായാലും സ്വന്തം അനുജനെ പോറ്റിവളർത്താൻവേണ്ടി സ്വയം നശിക്കേണ്ടിവന്ന പെങ്ങളായാലും ആരുംതന്നെ അദ്ദേഹത്തിന് പേരറിയാത്ത പെൺകിടാങ്ങളായിരുന്നില്ല. ആ നേരുകളൊക്കെയും അദ്ദേഹം നേരിട്ടനുഭവിച്ചറിഞ്ഞവതന്നെ.

മാതൃസ്നേഹം തരളമധുരമായി ഒളിതിളങ്ങുന്ന ബാലാമണിയമ്മയുടെ ഭാവനകളിലും സ്ത്രീയു

ടെ നിത്യദുരിതങ്ങളും സ്ത്രീപീഡനകഥകളും നിരന്തരം ഏററുപാടിക്കൊണ്ടിരിക്കുന്ന സുഗതകുമാരിയുടെ പരിദേവനങ്ങളിലും കാണാൻ കഴിയാത്ത ഭാവതീവ്രത ഇടശ്ശേരിയുടെ സ്ത്രീസങ്കല്പം കൈവരിക്കുന്നു. അദ്ദേഹത്തിന്റെ ഓരോ സ്ത്രീകഥാപാത്രവും സ്വയം അഭിമാനിക്കുന്നവരും സ്വന്തം കാഴ്ചപ്പാടിലൂടെ ചരിക്കുന്നവരുമാണ്. അവരുടെ ഓരോ ചുവടുവെയ്പും ധീരോദാത്തമാണെന്നു കാണാം.

എത്ര കഷ്ടപ്പാടിലും ജീവിതം ആസ്വാദ്യകരമായ ഒരനുഭവമായിരുന്നു ഇടശ്ശേരിക്ക്. ഏത് പ്രതികൂലസാഹചര്യങ്ങളെയും ലാഘവബുദ്ധിയോടെ നേരിടാനുള്ള നർമബോധം അദ്ദേഹത്തിനുണ്ടായിരുന്നു. അളകാവലിയുടെ അവതാരികയിൽ പള്ളിച്ചൂണ്ടൽ, നിഴൽപ്പാട്ടിൽ മുതലായ കവിതകളെ മുൻനിർത്തി കുട്ടികൃഷ്ണമാരാർ ഈ നർമബോധം കണ്ടെത്തുന്നുണ്ട്. പിൽക്കാലത്തെഴുതിയ ബിംബസാരന്റെ ഇടയൻ, ബുദ്ധനും ഞാനും നരിയും പോലുള്ള കവിതകൾ ഇതിന് ഉത്തമ ദൃഷ്ടാന്തങ്ങളാണ്.

“എനിക്ക് രസമീനിമ്നോന്നതമാം
വഴിക്ക് തേരുരുൾ പായിക്കൽ
ഇതേ തിരുൾക്കുഴിമേലുരുളട്ടെ
വീടില്ല ഞാനീ രശ്മികളെ!”
(അമ്പാടിയിലേക്കു വീണ്ടും)

ഈ അടിയുറച്ച കാഴ്ചപ്പാട് മർത്ത്യജീവിത പുരോയാനത്തിന്റെ അടിസ്ഥാന തത്വമായി ഭവിക്കുന്നു.

“പേടിയേ വിട്ടിനിമറെറാന്നിനേയും
പേടിക്കാനില്ലുലകത്തിൽ”
(വിഷപ്പാമ്പ്)

എന്ന സത്യദർശനവും മറെറാന്നല്ല വിവക്ഷിക്കുന്നത്.

കാലിക പ്രാധാന്യമുള്ള എല്ലാ പ്രശ്നങ്ങളും അദ്ദേഹത്തിന് കവിതാവിഷയമായിരുന്നു. ‘മര’ക്കവിതകളുടെ ആവിർഭാവത്തിനും എത്രയോ മുൻപ് അദ്ദേഹം വനമഹോത്സവക്കാർക്ക് വേണ്ടി എഴുതിയ ‘പുളിമാവുവെട്ടി’ എന്ന കവിത എല്ലാ ‘മര’ക്കവികളേയും കടത്തിവെട്ടുന്നു. തനിക്ക് ചുററും കാണുന്ന ജീർണതകളെ ആ ദീർഘദർശി പേർത്തും പേർത്തും അപലപിച്ചിരുന്നു. കരിഞ്ചന്തയും പൂഴ്ത്തിവെയ്പും സർവസാധാരണമായിത്തീർന്ന ഒരവസരത്തിൽ പട്ടിണിപ്പാവങ്ങളെ കടലമ്മ കനിഞ്ഞനുഗ്രഹിച്ച കഥയാണ് ‘സാഗരസ്തുതി‘. അയിലയും ചാളയും പൂളക്കിഴങ്ങും (കൊള്ളി–കപ്പ) ചേർന്ന് രൂപപ്പെടുന്ന സമ്പൂർണ സദ്യയെക്കുറിച്ച് വർണിക്കാൻ ഇടശ്ശേരിയെക്കൊണ്ടല്ലാതെ മററാർക്കാണ് കഴിയുക? ‘സാഗരസ്തുതി‘ ഒരണക്ക് കിട്ടുന്ന 200 ചാളയിലോ ഒരു കിലോ പൂളക്കിഴങ്ങിലോ ഒതുങ്ങുന്നില്ല. അതിൽ ദുർമര്യാദകൾക്ക് നേരെ ഉയർത്തേണ്ട തിരണ്ടിവാൽ അദ്ദേഹം കരുതിവയ്ക്കുന്നു. ഒപ്പം നാല് വേദവും വീണ്ടെടുക്കുന്ന മത്സ്യാവതാരത്തോളം ചെന്നെത്തുന്നു.

“നിസ്വതയിന്മേൽ കർമഫലത്താൽ വീണ്ടും കീറലുടിപ്പിക്കു
നിസ്വതയിന്മേൽ കർമഫലത്താൽ വീണ്ടും കേഴലുദിപ്പിക്കൂ.
നിസ്വത നിലനിർത്താനായുള്ളൊരു തത്വജ്ഞാനമുയർത്തുമ്പോൾ
മർത്ത്യനെ വാരിപ്പുണരാൻവെമ്പും
മർത്ത്യനതിന്മേൽ തുപ്പുന്നു”
(ചകിരിക്കുഴികൾ)

ഇത്തരത്തിൽ സമൂഹത്തോടുള്ള പ്രതിബദ്ധത ഇടശ്ശേരിയുടെ എല്ലാക്കവിതകളിലും പ്രത്യക്ഷമായോ പരോക്ഷമായോ ഒളിപരത്തുന്നതു കാണാം. അത് സ്വകാര്യമായാലും പരകാര്യമായാലും ശരി, പക്ഷാഭേദമില്ലതന്നെ. മറേറ മുണ്ട്, ഗൃഹഛിദ്രം, പൂജാപുഷ്പം, ഒരമ്മ പാടുന്നു, കുററിപ്പുറം പാലം, പ്രണാമം, കറുത്തചെട്ടിച്ചികൾ, താങ്കളുടെ ഉപദേശം, പുരപ്പണി, മോക്ഷോപായം, ഒരുപിടി നെല്ലിക്ക, അന്തിത്തിരി, ഇങ്ങനെയിങ്ങനെ വിവിധങ്ങളായ ഒട്ടേറെക്കവിതകൾ ആ പട്ടികയിൽ ഉൾപ്പെടുത്താം. ആരാന്റെ പേരിൽ ആദ്യം അച്ചടിച്ചുവന്ന അഹല്യ മുതൽ മുഗ്ദാഭിലാഷങ്ങൾ വരെയുള്ള കവിതകളെ നോക്കിക്കാണാൻ ഇത്തരമൊരു ചെറുലേഖനത്തിലസാധ്യമായതിനാലും ഇടശ്ശേരിക്കവിതകൾ ഓരോന്നും പ്രത്യേകം പ്രത്യേകം പഠനമർഹിക്കുന്നതിനാലും സാഹിത്യകുതികികളും നിരൂപണബുദ്ധികളും മൺമറഞ്ഞ ആ മഹാപ്രതിഭയെ ഇനിയുമിനിയും കണ്ടെത്തുമെന്നും നമുക്കാശിക്കാം.